# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## വെള്ളിക്കാശിന്റെ ചരിത്രം ആവർത്തിക്കപ്പെടുന്നു



യൂദാസിനെപ്പോലെ ഇന്നും ഏവർക്കും യേശുവിനെ ഒറ്റിക്കൊടുക്കാനുള്ള അവസരങ്ങ ളുണ്ടെന്ന് പേപ്പൽപ്രസംഗകൻ, കപ്പൂച്ചിൻസഭാംഗമായ ഫാ. റാനിയേരോ കന്താലമെസ, ദു:ഖവെള്ളിയാഴ് വത്തിക്കാനിലെ തിരുക്കർമ്മങ്ങൾക്കിടയിൽ നടത്തിയ പ്രസംഗത്തിൽ പ്രസ്താവിച്ചു.

പക്ഷേ, ദൈവം ക്ഷമിക്കുന്നവനാണെന്നും കരുണയുള്ളവനാണെന്നും ഉള്ള സ ത്യം ആരും വിസ്മരിക്കരുത്. അദ്ദേഹം തുടർന്നു. 30 വെള്ളിക്കാശിനു ഒറ്റിക്കൊടു ക്കുന്ന പരിപാടി ചരിത്രത്തിലൂടെ ഇന്നും തുടരുകയാണ്. സമ്പത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ആർത്തിക്കെതിരെയും കന്താലമെസ സംസാരിച്ചു.

ആൂദാസിന്റെ ഏറ്റവും വലിയ തെറ്റ് യേശുവിനെ ഒറ്റിയതായിരുന്നില്ല. മറിച്ച് ദൈവത്തിന്റെ കരുണയിലും ക്ഷമിക്കുന്ന സ്നേഹത്തിലും വിശ്വസിക്കാത്തതായിരു ന്നെന്നും അദ്ദേഹം പ്രസ്താവിച്ചു.

പാപ്പാ പങ്കെടുക്കുന്ന ലിറ്റർജിക്കൽ ആഘോഷങ്ങളിൽ പ്രസംഗം പറയാത്ത ഏക അവസരമാണ് ദു:ഖവെള്ളിയാഴ്ചയിലേത്.